**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1768** **12.06.2019 ൽ മറുപടിയ്ക്ക്**

**ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കാത്ത സ്കൂൾ വാഹനങ്ങൾക്കും ടാക്സികൾക്കും ഫിറ്റ്നസ് നൽകില്ലെന്ന മോട്ടോർ വാഹന വകുപ്പിന്റെ ഉത്തരവ് നടപ്പാക്കുന്നതിൽ സമയം ദീർഘിപ്പിച്ച് നൽകുമോ; | (എ) | വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനമാണ് (VLTD) നിലവിൽ പൊതു യാത്രാവാഹനങ്ങൾക്ക് നിർബന്ധമാക്കിയിട്ടുള്ളത്. സമയം ദീർഘിപ്പിച്ച് നൽകുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |
| (ബി) | സർക്കാർ നിർദ്ദേശിച്ച ജി.പി.എസ്., പൊതുവിപണിയിൽ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാലും ഘടിപ്പിച്ചവ മോട്ടോർ വാഹന വകുപ്പിൽ ലിങ്ക് ചെയ്യുന്നില്ലെന്ന വ്യാപക പരാതിയുള്ളതിനാലും വാഹന ഉടമയുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും (സി) യും | പൊതു വിപണിയിൽ നിന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (VLTD) വാങ്ങി ഉപയോഗിക്കാവുന്നതും, മറ്റ് പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്താവുന്നതുമാണ്. സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് അനുവദിക്കുക എന്നത് പ്രായോഗികമല്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഇത് സാധിക്കുന്നതല്ല. |
| (സി) | അധ്യയന വർഷാരംഭമായതിനാൽ ഇത് സംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുവാൻ സത്വരനടപടി സ്വീകരിക്കുമോ; | | |
| (ഡി) | ജി.പി.എസ്.ഘടിപ്പിക്കുന്നതിൽ നിന്നും കാലപ്പഴക്കം ചെന്ന ടാക്സികളെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് നിർബന്ധമാക്കിയത് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരമായതിനാൽ പ്രസ്തുത ചട്ടങ്ങളിൽ ഇളവ് നൽകുവാൻ സംസ്ഥാന സർക്കാരിന് സാധ്യമല്ല. |

**സെക്ഷൻ ഓഫീസർ**